മനോരമ ഡിസംബർ 21/2019



എടത്തല അൽഅമീൻ കോളജ് വിദ്യാർഥികൾ നക്ഷത്ര നിർമാണത്തിൽ.

# ക്രിസ്മസ് നക്ഷത്രങ്ങൾക്ക് പരിസ്ഥിതി സൗഹൃദ തിളക്കം

ആലുവ● കുട്ടമ്പുഴ ആദിവാസി ഊരിൽ നിന്നുള്ള കരകൗശല വിദഗ്ധരുടെ ശിക്ഷണത്തിൽ എടത്തല അൽഅമീൻ കോളജ് വിദ്യാർഥികൾ നിർമിക്കുന്ന ക്രിസ്മസ് നക്ഷത്രങ്ങൾക്കു പരിസ്ഥിതി സൗഹൃദത്തിന്റെ തിളക്കം.

എൽഇഡി, ഡിജിറ്റൽ നക്ഷത്രങ്ങൾ വിപണി കീഴടക്കുന്ന കാലത്ത് ഈറ്റയും ചാക്കുതുണിയും തെങ്ങിന്റെ കോഞ്ഞാട്ടയും ഉപയോഗിച്ചാണ് ഇവർ നക്ഷത്രങ്ങൾ ഒരുക്കുന്നത്. അൽഅമീൻ കോളജ് കമ്യൂണിറ്റി എക്സ്റ്റൻഷൻ സെൽ വിദ്യാർഥികൾ കുഞ്ചിപ്പാറ, പിണവൂർകുടി ആദിവാസി ഊരുകളിൽ 2 ലൈബ്രറികൾ ആരംഭിച്ചിരുന്നു.

ഊരിനൊരു ലൈബ്രറി എന്ന പേരിൽ 1000 പുസ്തകങ്ങളും അവ സൂക്ഷിക്കാനുള്ള റാക്കുകളും നൽകി. അവിടെ പരിചയപ്പെട്ട പന്തപ്പാറ ഊരിലെ സി.പി. വിനോദും സുനിൽ തങ്കപ്പനുമാണ് കോളജിൽ താമസിച്ച് നക്ഷത്ര നിർമാണം പരിശീലിപ്പിച്ചത്. 200 രൂപയാണ് നക്ഷത്രത്തിന്റെ വില.

ഇതിൽ നിന്നുള്ള് വരുമാനം ഉപയോഗിച്ചു കുട്ടമ്പുഴയിലെ 8 ആദിവാസി ഊരുകളിൽ കൂടി ലൈബ്രറികൾ സ്ഥാപിക്കുമെന്നു പ്രിൻസിപ്പൽ പ്രഫ. എം.ബി. ശശിധരൻ, അധ്യാപകരായ അബ്ദുൽ സലാം, പി.വി. വിജു എന്നിവർ പറഞ്ഞു.

Scanned by CamScanner